# കേരള സർവകലാശാല

നം. പി.ആർ.058/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബി.എ പരീക്ഷ

കേരള സർവകലാശാല ഏപ്രിൽ മാസം 19-ാം തീയതി മുതൽ ആരംഭിക്കുന്ന ഒന്നും രണ്ടും വർഷ ബി.എ(ആന്വൽ)/ബി.എ(അഫ്സൽ-ഉൽ-ഉലമ)പരീക്ഷ കൾക്ക് മാർച്ച് 21 മുതൽ ഫീസടച്ച് (www.de.keralauniversity.ac.in എന്ന വെബ്സൈറ്റ് മുഖേന)ഓൺലൈനായി അപേക്ഷിക്കാം. പിഴകൂടാതെ മാർച്ച് 25 (50 രൂപ പിഴയോടെ മാർച്ച് 30, 250 രൂപ പിഴയോടെ ഏപ്രിൽ അഞ്ച്) വരെയും അപേക്ഷിക്കാം. വിശദ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### എം.ഫിൽ വൈവ വോസി പരീക്ഷ

കേരള സർവകലാശാല നടത്തുന്ന (2015-16) എം.ഫിൽ റഷ്യൻ വൈവ വോസി പരീക്ഷ മാർച്ച് 23-ന് നടക്കും. വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### മേട്രൻ : അപേക്ഷ ക്ഷണിച്ചു

കേരള സർവകലാശാല വനിത ഹോസ്റ്റലുകളിൽ മാട്രൻ തസ്തികയിലേക്ക് കരാറടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി മാർച്ച് 31-ന് വൈകുന്നേരം 5.15 വരെ. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) Job Notifications എന്ന ലിങ്കിൽ ലഭിക്കും.

### ഫീമെയിൽ വാർഡൻ : അപേക്ഷ ക്ഷണിച്ചു

കേരള സർവകലാശാല തൈക്കാട് സർവകലാശാല വിമൻസ് ഹോസ്റ്റലിൽ ഫീമെയിൽ വാർഡന്റെ ഒഴിവിലേക്ക് കരാറടിസ്ഥാനത്തിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി മാർച്ച് 31 വൈകുന്നേരം 5.15 വരെ. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) Job Notifications എന്ന ലിങ്കിൽ ലഭിക്കും.

### എം.എഡ് ഫലം

കേരള സർവകലാശാല 2016 നവംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എഡ് (നോൺ സി.എസ്.എസ്) സപ്ലിമെന്ററി പരീക്ഷാഫലം പ്രസിദ്ധീക രിച്ചു. വിശദമായ പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും സൂക്ഷ്മപരിശോധനയ്ക്ക് ഏപ്രിൽ നാല് വരെ അപേക്ഷിക്കാം.

### മലയാളം കമ്പ്യൂട്ടിംഗ് ദേശീയശിൽപശാല

മലയാളം കമ്പ്യൂട്ടിംഗിൽ കേരള സർവകലാശാലയുടെ മലയാളവിഭാഗം സംഘടിപ്പിക്കുന്ന എട്ടുദിവസത്തെ ദേശീയശിൽപശാല 18-ന് ആരംഭിക്കും. രാവിലെ 10 മണിക്ക് പ്രൊഫ. ജി. പത്മറാവുവിന്റെ അധ്യക്ഷതയിൽ കേരള സർവകലാശാല മുൻ വൈസ്ചാൻസലറും പ്ലാനിങ് ബോർഡ് മെമ്പറുമായ ഡോ. ബി.ഇക്ബാൽ ഉത്ഘാടനം ചെയ്യും. അന്താരാഷ്ട്ര സ്വതന്ത്ര സോഫ്റ്റ്‌വെയർ കേന്ദ്രവുമായി സഹകരിച്ച് നടത്തുന്ന ശിൽപശാല മലയാള ബിരുദാനന്തരബിരുദ, ഗവേഷണ വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടറധിഷ്ഠിത എഴുത്ത്, വായന, പ്രസാധനം, സോഫ്റ്റ്‌വെയറുകൾ എന്നിവയിൽ പ്രാപ്ത രാക്കുക എന്നതാണ് ലക്ഷ്യം. സോഫ്റ്റ്‌വെയർ പ്രാദേശികവൽക രണത്തിനുള്ള രീതികളും മാനകീകരണങ്ങളും പരിചയപ്പെടുത്തി പരിശീലിപ്പി ക്കുന്നതും ശിൽപശാലയുടെ ഭാഗമാണ്. സ്വതന്ത്രമലയാളം കമ്പ്യൂട്ടിംഗിലെ ശ്രീമതി. ആനി പീറ്റർ പരിശീലനം നയിക്കുന്ന ശിൽപശാലയിൽ കേരള സർവകലാശാല മലയാളവിഭാഗത്തിലെ 45 വിദ്യാർത്ഥികൾ പങ്കെടുക്കും.

## എം.എച്ച്.ആർ.എം വൈവ വോസി

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ പഠനകേന്ദ്രം 2016 ഡിസംബറിൽ നടത്തിയ രണ്ടാം വർഷ മാസ്റ്റർ ഓഫ് ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ് (എം.എച്ച്.ആർ.എം) പരീക്ഷയുടേയും 2017 ജനുവരിയിൽ നടത്തിയ ഒന്നാം വർഷ സപ്ലിമെന്ററി പരീക്ഷയുടേയും വൈവ വോസി ഏപ്രിൽ മൂന്ന്, നാല് തീയതികളിൽ പാളയത്തുള്ള വിദൂര വിദ്യാഭ്യാസ കേന്ദ്രത്തിൽ നടക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എഡ് പരീക്ഷ

കേരള സർവകലാശാല ഏപ്രിൽ 21-ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ എം.എഡ് (ദ്വിവത്സര കോഴ്സ് - 2015 സ്കീം - റെഗുലർ) ഡിഗ്രി പരീ ക്ഷകൾക്ക് പിഴകൂടാതെ മാർച്ച് 22 (50 രൂപ പിഴയോടെ മാർച്ച് 24, 250 രൂപ പിഴയോടെ മാർച്ച് 27) വരെ ഫീസടച്ച് അപേക്ഷിക്കാം.

## ബി.എ. ഓണേഴ്സ് ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് & ലിറ്ററേച്ചർ പരീക്ഷ

കേരള സർവകലാശാല ഏപ്രിൽ 10-ന് ആരംഭിക്കുന്ന ബി.എ. ഓണേഴ്സ് ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് & ലിറ്ററേച്ചർ പരീക്ഷയ്ക്ക് പിഴകൂടാതെ മാർച്ച് 24 (50 രൂപ പിഴയോടെ മാർച്ച് 27, 250 രൂപ പിഴയോടെ മാർച്ച് 29) വരെ ഫീസടച്ച് അപേക്ഷിക്കാം. വിദ്യാർത്ഥികൾ പരീക്ഷാഫീസിന് പുറമേ 200 രൂപ സി.വി. ക്യാമ്പ് ഫീസ് കൂടി അടയ്ക്കണം.

## ബി.ടെക് സപ്ലിമെന്ററി ടൈംടേബിൾ

കേരള സർവകലാശാല നടത്തുന്ന ഏഴാം സെമസ്റ്റർ ബി.ടെക് (2008 സ്കീം) സപ്ലിമെന്ററി പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ദേശീയ സെമിനാർ

കേരള സർവകലാശാല ചരിത്ര പഠനവകുപ്പിന്റെ ആഭിമുഖ്യത്തിൽ മാർച്ച് 18-ന് ഡോ.കെ.കെ.കുസുമൻ അനുസ്മരണ പ്രഭാഷണവും 'പീപ്പ്ൾസ് സ്ട്രഗിൾ ആന്റ് മൂവ്മെന്റ്സ് ഫോർ ആൻ ഇക്വിറ്റബിൾ സൊസൈറ്റി ' എന്ന വിഷയത്തിൽ നടത്തുന്ന ദേശീയ സെമിനാറും സെനറ്റ് ചേംബറിൽ രാവിലെ

**9.30 മണിക്ക് പ്രോ വൈസ് ചാൻസിലർ ഡോ. എൻ. വീരമണികണ്ഠൻ ഉദ്ഘാടനം ചെയ്യും.**

**തിരുവനന്തപുരം.** **പബ്ലിക് റിലേഷൻസ് ഓഫീസർ**

**17.03.2017**

**അംഗീകാരത്തോടെ,**

**സെക്ഷൻ ഓഫീസർ**

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**